8290
13/7/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യസുരക്ഷാ മിഷൻ ക്യാൻസർ സുരക്ഷാ പദ്ധതി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിച്ച് ഉത്തരവാകുന്നു.

==========================================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.406/2015/സാനീവ. തീയതി, തിരുവനന്തപുരം, 25.06.2015

==========================================================================================

പരാമർശം : കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 7.04.2015 ലെ പി2/20/2012/കെ.എസ്.എസ്.എം (1) നമ്പർ കത്ത്.

**ഉത്തരവ്**

പതിനെട്ട് വയസ്സുവരെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മുഖേന സൗജന്യ ചികിത്സ അനുവദിക്കുന്ന ക്യാൻസർ സുരക്ഷാ പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ തുടർ നടത്തിപ്പിലേയ്ക്കായി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-60-200-72 (01)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 7.50 കോടി രൂപ അനുവദിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള Special T.S.B A/c No. 15146- ൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശ കത്തു പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന ക്യാൻസർ സുരക്ഷാ പദ്ധതിയുടെ തുടർ നടത്തിപ്പിന് ഭരണാനുമതിയും, ഇതിനായി 2015-16 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 2235-60-200-72(01)(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 7.50/- കോടി രൂപ (ഏഴ് കോടി അൻപത് ലക്ഷം രൂപ മാത്രം) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള Special T.S.B A/c No. 15146- ൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് സാമൂഹ്യ നിതി വകുപ്പ് ഡയറക്ടർക്ക് അനുമതിയും നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ